

# യഥാർത്ഥ പ്രതിസന്ധി

ജെ. കൃഷ്ണമൂർത്തി

# യഥാർത്ഥ പ്രതിസന്ധി

ചരിത്രം, മുറതെറ്റാതെയും പിഴക്കാതെയും ആവർത്തിച്ച് കൊണ്ടിരിക്കുന്ന മനുഷ്യനിർമ്മിതമായ ദുരന്തങ്ങളുടെ കഥയാണെന്ന് തോന്നുന്നു. ഇവ എല്ലായ്പ്പോഴും പണ്ഡിതരുടേയും വിദഗ്ദരുടേയും പ്രവചനങ്ങളേയും വാഗ്ദാനങ്ങളേയും നിരാകരിച്ചു കൊണ്ട്, ബുദ്ധിശാലികളുടെ കണക്ക് കൂട്ടലുകളെ ഒന്നുമില്ലാതാക്കി കൊണ്ട്, യുക്തിയേയും ന്യായത്തേയും എതിർത്ത് കൊണ്ട് ലോകത്തെ ഞെട്ടിച്ചും അത്ഭുതപ്പെടുത്തികൊണ്ടും മനുഷ്യരെ ആകെ അമ്പരപ്പിലും നിസഹായതയിലും ആക്കി തീർക്കുന്നു. നാം പറയുന്ന നമ്മുടെ 'സാധാരണ ജീവിതം' നിലകൊള്ളുന്നത് ഒരു പ്രതിസന്ധിക്കും അടുത്തതിനും ഇടയിലാണ്. മനുഷ്യന്റെ നിലനിൽപ്പിന്റെ ആവശ്യകതയെ കുറിച്ച് പൊതുവേയും വിശിഷ്യ തന്റെ തന്നെ ജീവിതത്തെകുറിച്ചുള്ള ഗൗരവതരമായ അന്വേഷണവും മനനവും ഒഴികെ, ബാക്കി എല്ലാത്തിനും നാം സമയവും ഊർജ്ജവും ഈ പറഞ്ഞ സാധാരണ ജീവിതത്തിൽ നൽകുന്നു. നിലവിലുള്ള നമ്മുടെ ജീവിത രീതി തന്നെയല്ലേ അടുത്ത ആഗോള പ്രതിസന്ധിയുടെ കാരണമെന്ന് നാം ഒരിക്കലും ചോദിക്കാറില്ല. ഇങ്ങനെ ഒരു ചോദ്യം ഒരിക്കലും നമ്മൾക്ക് തോന്നുകയില്ലായിരിക്കാം. അഥവാ തോന്നുകയാണെങ്കിൽ നാം അതിനെ അഭിമുഖീകരിക്കാൻ തയ്യാറാവുകയും ഇല്ല.

കൃഷ്ണമൂർത്തി, നമ്മുടെ മുന്നിൽ വെയ്ക്കുന്ന വെല്ലുവിളി യഥാർത്ഥത്തിൽ ഇതാണ്. 1934 മുതൽ 1985 വരെയുള്ള അഞ്ച് പതിറ്റാണ്ട് കാലം തന്റെ പ്രഭാഷണങ്ങളിലൂടെയും എഴുത്തുകളിലൂടെയും അദ്ദേഹം നമ്മെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ച ഒരു കൂട്ടം അടിസ്ഥാനപരമായ ചോദ്യങ്ങളുടെ ചില ഭാഗങ്ങളാണ് ഇവിടെ ചേർത്തിരിക്കുന്നത്.

ã 2020, Krishnamurti Foundation India

# യഥാർത്ഥ പ്രതിസന്ധി

Madras,
22 October 1947;
The Collected
Works, Volume IV

ഇപ്പോഴുള്ള ഈ ലോകപ്രതിസന്ധി അസാധാരണ സ്വഭാവമുള്ള ഒന്നാണ്; ഒരു പക്ഷെ ചുരുക്കം ഇത്തരം മഹാവിപത്തുകൾ പണ്ട് ഉണ്ടായിരുന്നിട്ടുണ്ട്. ഇപ്പോഴുള്ള ഈ പ്രതിസന്ധി മനുഷ്യന്റെ ജീവിതത്തിൽ കൂടെക്കൂടെ സംഭവിക്കുന്ന സാധാരണ തരത്തിലുള്ള വിപത്തല്ല. ലോകവ്യാപകമാണ് ഈ താറുമാറ്; ഇത് ഇന്ത്യയുടേയോ യൂറോപ്പിന്റെയോ അല്ല, എന്നാൽ ലോകത്തിന്റെ ഓരോ മുക്കിലേക്കും നീണ്ടുകിടക്കുന്നതാണ്. ശാരീരികമായും മാനസികമായും, സദാചാരപരമായും ആദ്ധ്യാത്മികമായും, സാമ്പത്തികമായും സാമൂഹികമായും ശിഥിലീകരണവും കുഴപ്പവും ഉണ്ട്. നമ്മുടെ നിസ്സാര കാര്യങ്ങളുടെ പുറത്ത് വഴക്കുണ്ടാക്കികൊണ്ട് നാം ഒരു ഗർത്തത്തിന്റെ വക്കിൽ നിൽക്കുകയാണ്. എത്ര അഗാധമായും അതിവിശാലമായും കുഴയ്ക്കുന്ന ഈ ലോകപ്രതിസന്ധിയുടെ അസാധാരണ സ്വഭാവത്തെ, കുറച്ച് ആളുകൾ മാത്രമെ മനസ്സിലാക്കുന്നതായി കാണപ്പെടുന്നുള്ളു. കുറച്ചാളുകൾ, ഈ കുഴപ്പം മനസ്സിലാക്കി ഈ ഗർത്തത്തിന്റെ വക്കിൽ ജീവിതമാതൃക പുനഃക്രമീകരിക്കുന്നതിന്റെ തിരക്കിലാണ്. കൂടാതെ, അവർ സ്വയം കുഴഞ്ഞുമറിഞ്ഞ അവസ്ഥയിലാകയാൽ കൂടുതൽ കുഴപ്പം കൊണ്ടുവരിക മാത്രമാണ് ചെയ്യുന്നത്.

ã 2020, Krishnamurti Foundation India

Madras, 22 October 1947; The Collected Works, Vol. IV

ഈ ഭയങ്കര അത്യാഹിതം ആകസ്മികമായ എന്തെങ്കിലും പ്രവർത്തിയിലൂടെ വന്നു ചേർന്നതല്ല; നമ്മൾ ഓരോരുത്തരാലും സൃഷ്ടിക്കപ്പെട്ടതാണ് അത്. അസൂയയുടെയും ശക്തിമത്തായ വികാരത്തിന്റെയും, അധികാരത്തിനും ആധിപത്യത്തിനും വേണ്ടിയുള്ള കൊതിയുടേയും, മത്സരത്തിന്റെയും, കാരുണ്യമില്ലായ്മയുടെയും ഇന്ദ്രീയഗോചരവും തത്ക്ഷണവുമായ പ്രയോജനങ്ങളുടെയും ദിവസേനയുള്ള നമ്മുടെ പ്രവർത്തനം കൊണ്ടാണ്. ഈ നടുക്കുന്ന ദുരിതത്തിനും കുഴപ്പത്തിനും നാമാണ് ഉത്തരവാദികൾ, മറ്റൊരാളല്ല. നിങ്ങളും ഞാനും മാത്രം. നിങ്ങൾ ആനന്ദമില്ലാത്തവരും ഉണർവ്വില്ലാത്ത വരും ആകയാൽ, ഇന്ദ്രിയാനുഭവങ്ങളിലും അതിന്റെ പുറകെ പോകുന്നതിലും നിങ്ങ ളുടെ അതിമോഹങ്ങളിലും പൊതിഞ്ഞിരിക്കയാൽ, തത്ക്ഷണം തൃപ്തിപ്പെടുത്തുന്ന പ്രയോജനങ്ങൾ കൊണ്ട് പൊതിഞ്ഞിരിക്കയാൽ ഈ വളരെ വലിയ, വിഴുങ്ങിക്കള യുന്ന അത്യാഹിതം നിങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ഈ താറുമാറിന് ഉത്തരവാദി നിങ്ങ ളാണ്. ഏതെങ്കിലും പ്രത്യേക സംഘമല്ല, ഏതെങ്കിലും വ്യക്തിയുമല്ല, നിങ്ങൾ മാത്രം.

ã 2020, Krishnamurti Foundation India

# യഥാർത്ഥ പ്രതിസന്ധി

New Delhi,
14 November 1948;
The Collected
Works, Vol. V

ഇനി, എന്താണീ ആധുനിക ലോകം. ഈ ആധുനിക ലോകം സാങ്കേതികപദ്ധതിയും വൻതോതിലുള്ള വ്യവസ്ഥിതിയും കൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. സാങ്കേതികവിദ്യയിൽ അസാധാരണമായ മുന്നേറ്റവും ബഹുജനാവശ്യങ്ങളുടെ ദുർവിതരണവും ഉണ്ട്; ഉത്പാദനത്തിനുള്ള മാർഗ്ഗങ്ങൾ ചുരുക്കം ചിലരുടെ കൈകളിലാണ്. പരമാധികാരമുള്ള ഭരണകൂടങ്ങൾ മൂലം പരസ്പരവിരുദ്ധമായ ദേശീയതകളും, സ്ഥിരമായി ആവർത്തിക്കുന്ന യുദ്ധങ്ങളുമുണ്ട്. അതാണീ ആധുനിക ലോകം, അല്ലേ? സാങ്കേതികമായ പുരോഗതിയുണ്ട്, തത്തുല്ല്യമായ ഒരു സജീവ മാനസിക പുരോഗതിയില്ല. അതിനാൽ ഒരു അസന്തുലിതാവസ്ഥയുണ്ട്. അസാധാരണമായ ശാസ്ത്രീയമായ നേട്ടങ്ങളുണ്ട്, അതോടൊപ്പം തന്നെ മനുഷ്യദുരിതവും, ശൂന്യമായ ഹൃദയങ്ങളും, ശൂന്യമായ മനസ്സുകളും. അതിനാൽ അതാണ് ഈ ആധുനികലോകം. അത് നിങ്ങൾ തന്നെയാണ്. ഈ ലോകം നിങ്ങളിൽ നിന്നും വ്യത്യസ്തമല്ല. നിങ്ങളുടെ ലോകം, നിങ്ങൾ സ്വയം വളർത്തിയെടുത്ത ബുദ്ധിവൈഭവത്തിന്റെയും ശൂന്യമായ ഹൃദയത്തിന്റെയും ലോകമാണ്.

ã 2020, Krishnamurti Foundation India

# യഥാർത്ഥ പ്രതിസന്ധി


Madras,
25 December 1982;
Mind Without
Measure.

ഈ പ്രതിസന്ധി അവിടെയാണ്. ഈ പ്രതിസന്ധി ലോകത്തിലല്ല. അത് ആണവയുദ്ധമല്ല, അത് തുടർന്നു കൊണ്ടിരിക്കുന്ന ഈ ഭീകരമായ ഭിന്നിപ്പുകളും മനുഷ്യത്വമില്ലായ്മയുമല്ല. ഈ പ്രതിസന്ധി നമ്മുടെ ബോധത്തിലാണ്. നാം എന്താണൊ നാം എന്തായിത്തീർന്നിരിക്കുന്നുവോ, അതാണ് ഈ പ്രതിസന്ധി.

ã 2020, Krishnamurti Foundation India

# മനുഷ്യബോധത്തിലാണ് ഈ പ്രതിസന്ധി

ജീവിതത്തിന്റെ പവിത്രതയിൽ നിന്നും മനുഷ്യർ തങ്ങളെ സ്വയം വിച്ഛേദിക്കുമ്പോൾ



Bombay,
28 January 1968;
Meeting Life

എന്തുകൊണ്ടാണ് ആയിരമായിരം വർഷങ്ങൾ ജീവിച്ചിട്ടുള്ള മനുഷ്യൻ ഇത്രയ്ക്ക് ദുരിതത്തിലും സംഘർഷത്തിലും വന്നു ചേർന്നിരിക്കുന്നത്? ക്രമാതീതമാ ജനപ്പെരുപ്പം, സാങ്കേതിക വിജ്ഞാനത്തോട് യോജിച്ചുപോകാത്ത ധർമ്മനീതിയില്ലായ്മ, നേരിട്ടുള്ള സമ്പർക്കമില്ലായ്മ - എന്നീ എളുപ്പമായ വിശദീകരണങ്ങൾ നിങ്ങൾ മാറ്റിവച്ചാൽ, പിന്നെ ഈ ദുരിതത്തിന് അടിസ്ഥാനപരമായ എന്ത് യുക്തിയാണ്, അടിസ്ഥാനപരമായ എന്ത് കാരണമാണ് ഉള്ളത്? എന്തുകൊണ്ടാണ് നന്മയുടെയും സൗമ്യതയുടെയും അഹിംസയുടെയും, മനുഷ്യത്വത്തിന്റെയും പാരമ്പര്യമുണ്ടായിട്ടുള്ള ഇതുപോലുള്ള ഒരു രാജ്യത്ത്, എന്തുകൊണ്ടാണ് എന്തോ ഒന്ന് അപ്പാടെ തെറ്റിപ്പോയിരിക്കുന്നത്?

ã 2020, Krishnamurti Foundation India

# യഥാർത്ഥ പ്രതിസന്ധി

Madras,
26 October 1947;
The Collected
Works, Vol. IV

അതിമോഹത്തിൽ നിന്നും, അധികാരത്തിൽ നിന്നും, അത്യാർത്തിയുടെയും ശത്രുതയുടെയും ബന്ധങ്ങളിൽ നിന്നും, സ്വതന്ത്രരായ ഒരു കൂട്ടമാളുകൾ പണ്ടുകാലത്ത് ഉണ്ടായിരുന്നതിനാൽ, അത് ആദ്ധ്യാത്മികവും ധാർമ്മികവുമായ അധഃപതനത്തിൽ നിന്ന് സമൂഹത്തെ അകറ്റി, നേർവഴിക്ക് നയിക്കുവാൻ സഹായിച്ചു. കൂടുതൽ വലുപ്പമുള്ള കൂട്ടമെങ്കിൽ സമൂഹത്തിനും, രാജ്യത്തിനും കൂടുതൽ സുരക്ഷിതത്വം. ഇക്കാരണത്താൽ ഇന്ത്യയെപോലെ ഒന്നോ രണ്ടോ രാജ്യങ്ങളാണ് അവശേഷിച്ചിട്ടുള്ളത്. ലോകത്തിന്റെ ഈ കോലാഹലത്തിൽ പെട്ടുപോകാത്തവരായി വളരെ കുറച്ചുപേർ മാത്രമാകയാൽ നിങ്ങൾ അസാധാരണമായ ഒരു പ്രതിസന്ധിയിലാണ്.

Bombay,
28 January 1978.

രോഗം കൊണ്ടുള്ള ദുഃഖമുണ്ട്. പൂർണ്ണമായ ഒറ്റപ്പെടലിൽ മനുഷ്യൻ അനുഭവിക്കുന്ന ദുഃഖമുണ്ട്. ഈ ദരിദ്രരായ, അജ്ഞരായ, വൃത്തിഹീനരായ ആശയ്ക്ക്  വകയില്ലാത്ത ആളുകളെ നിങ്ങൾ കാണുമ്പോൾ ദാരിദ്രത്തിന്റെ ദുഃഖമുണ്ട്. ഈ ലോകത്തിലെ മൃഗ ങ്ങളെല്ലാം കൊല്ലപ്പെടുന്നതും, നശിപ്പിക്കപ്പെടുന്നതും പരീക്ഷണശാലകളിൽ കശാപ്പു ചെയ്യപ്പെടുന്നതും കാണുമ്പോഴുള്ള ദുഃഖമുണ്ട്.

ã 2020, Krishnamurti Foundation India

25 February 1983;
Krishnamurti
to Himself.

പ്രകൃതിയുമായി എത്ര ചെറിയ ബന്ധമാണ് നമുക്കുള്ളത് എന്നത് വിചിത്രമാണ്. ഭൂമിയിലെ ജീവജാലങ്ങളോടുള്ള ഒരു മനസ്സലിവ് ഉള്ളതായി നാം ഒരിക്കലും കാണപ്പെടുന്നില്ല. പ്രകൃതിയുമായി ആഴത്തിലുള്ള, നിലനിൽക്കുന്ന ഒരു ബന്ധം നമുക്ക് സ്ഥാപിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ നമ്മുടെ വിശപ്പിനായി ഒരു മൃഗത്തെയും നാം കൊല്ലുകയില്ലായിരിക്കും; നാം ഒരിക്കലും നമ്മുടെ ലാഭത്തിനായി ഒരു കുരങ്ങനെയോ, ഒരു നായയെയോ ഒരു ഗിനിപന്നിയേയോ ഉപദ്രവിക്കുകയോ മുറിച്ചുപരിശോധിക്കുകയോ ചെയ്യില്ലായിരിക്കും. നമ്മുടെ മുറിവുകളെ ഉണക്കുവാനും നമ്മുടെ ശരീരങ്ങളെ സുഖപ്പെടുത്തുവാനും നാം മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തുമായിരിക്കും. എന്നാൽ മനസ്സിനെ സുഖപ്പെടുത്തുന്നത് തികച്ചും വ്യത്യസ്തമായ ഒരു കാര്യമാണ്. ആ സുഖപ്പെടുത്തൽ, നിങ്ങൾ പ്രകൃതിയുടെ കൂടെയാണെങ്കിൽ, സാവധാനം സംഭവിക്കുന്നതാണ്.

ã 2020, Krishnamurti Foundation India

# യഥാർത്ഥ പ്രതിസന്ധി

The Whole Movement of Life is Learning ; Letters to the Schools, Ch. 67.

പ്രകൃതിയുമായുള്ള സമ്പർക്കം നമുക്ക് നഷ്ടമാകുമ്പോൾ പരസ്പരമുള്ള സമ്പർക്കം നമുക്ക് നഷ്ടമാകുന്നു. കിളികളുമായും, നാണം കുണുങ്ങിയും ഭീരുവുമായ കാടപ്പക്ഷിയുമായും നിങ്ങൾക്ക് സമ്പർക്കം നഷ്ടമാകുമ്പോൾ നിങ്ങളുടെ കുഞ്ഞുമായും തെരുവിന്റെ അങ്ങേപ്പുറത്തുള്ള ആ മനുഷ്യനുമായും ഉള്ള സമ്പർക്കം നഷ്ടമാകുന്നു. ഭക്ഷിക്കുവാൻ ഒരു മൃഗത്തെ നിങ്ങൾ കൊല്ലുമ്പോൾ അതിർത്തിയുടെ അങ്ങേപ്പുറത്തുള്ള ആ മനുഷ്യനെ കൊല്ലുന്ന നിർവികാരത നിങ്ങൾ വളർത്തുക കൂടിയാണ്. ബൃഹത്തായ ഈ ജീവിതഗതിയുമായുള്ള സമ്പർക്കം നിങ്ങൾ നഷ്ടപ്പെടുത്തുമ്പോൾ, എല്ലാ ബന്ധങ്ങളും നിങ്ങൾക്ക് നഷ്ടമാകുന്നു. അന്നേരം നിങ്ങൾ – ഈ അഹന്ത, അതിന്റെ സാങ്കല്പികമായ എല്ലാ ത്വരകളോടും ആവശ്യങ്ങളോടും തേടലുകളോടും കൂടിയ അഹന്ത – അതിപ്രധാനമാകുന്നു. നിങ്ങൾക്കും ലോകത്തിനുമിടയിലുള്ള ഈ വിടവ് അവസാനമില്ലാത്ത സംഘർഷങ്ങളാൽ വർദ്ധിക്കുന്നു.

ã 2020, Krishnamurti Foundation India

# യഥാർത്ഥ പ്രതിസന്ധി

The Whole Movement of Life is Learning ; Letters to the Schools, Ch. 70.

നിങ്ങൾക്ക് ചുറ്റും നിങ്ങൾ നോക്കുമ്പോൾ, പ്രകൃതിയിലും, ആകാശങ്ങളിലും ക്രമത്തിന്റെയും തുല്ല്യതയുടെയും പൊരുത്തത്തിന്റെയും അസാധാരണമായ ഒരു ബോധം നിങ്ങൾ കാണും. മനുഷ്യലോകത്തിൽ അത്രമാത്രം ഇല്ലെങ്കിലും. ഓരോ വൃക്ഷത്തിനും പുഷ്പത്തിനും അതിന്റേതായ ക്രമവും അതിന്റേതായ ഭംഗിയുമുണ്ട്; ഓരോ കുന്നിൻശിഖരത്തിനും ഓരോ താഴ്വരക്കും അതിന്റേതായ താളബോധവും സ്ഥിരതയുമുണ്ട്. നദികളെ നിയന്ത്രിക്കുവാനും അവയിലെ ജലത്തെ മലിനപ്പെടുത്തുവാനും മനുഷ്യൻ ശ്രമിക്കുന്നു. എങ്കിലും അവയ്ക്ക് അവയുടേതായ ഒരൊഴുക്കുണ്ട്. അവയുടേതായ ദൂരവ്യാപകമായ ഗതിയുണ്ട്. മനുഷ്യനൊഴിച്ച്, ഈ കടലിലും, അന്തരീക്ഷത്തിലും വിശാലമായ ആകാശപരപ്പിലും വിശുദ്ധിയുടെയും ക്രമമുള്ള നിലനില്പിന്റേയും ഒരസാധാരണ ബോധമുണ്ട്. കുറുക്കൻ കോഴികുഞ്ഞുങ്ങളെ കൊല്ലുന്നുവെങ്കിലും, വലിയ മൃഗങ്ങൾ ചെറിയ മൃഗങ്ങളെ ആഹാരമാക്കുന്നുവെങ്കിലും, ഈ പ്രപഞ്ചത്തിൽ ക്രൂരതയായി കാണപ്പെടുന്നത് ഒരു വ്യവസ്ഥാപദ്ധതിയാണ്. മനുഷ്യരൊഴിച്ച്. മനുഷ്യൻ ഇടപെടാതിരിക്കുമ്പോൾ തുല്ല്യതയുടെയും പൊരുത്തത്തിന്റെയും അസാമാന്യമായ ഒരു സൗന്ദര്യം ഉണ്ട്.

ã 2020, Krishnamurti Foundation India



# യഥാർത്ഥ പ്രതിസന്ധി

IIT - Bombay,
7 February 1984 ;
Why are You being Educated?

അങ്ങനെ, ഈ നിലനില്പിന്റെയെല്ലാം അർത്ഥമെന്താണ്? അത് പരിഗണിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലായിരിക്കും. അതിനെ ഒഴിവാക്കുവാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം. ഊർജ്ജതന്ത്രം, ഭാഷാശാസ്ത്രം, ജീവശാസ്ത്രം, സമൂഹശാസ്ത്രം, തത്ത്വശാസ്ത്രം, മാനസികാപഗ്രഥനം, മനോരോഗചികിത്സ ഇത്യാദി അറിവുകൾ സമ്പാദിക്കുവാൻ ഇരുപതോ മുപ്പതോ വർഷങ്ങൾ നിങ്ങൾ നൽകുന്നു. എന്നുമാത്രമല്ല നിങ്ങളെന്താണെന്നും എന്തുകൊണ്ടാണ് നിങ്ങൾ ഇങ്ങനെ ജീവിക്കുന്നതെന്നും സ്വയം കണ്ടെത്തുവാൻ ഒരു ദിവസം അല്ലെങ്കിൽ ഒരു മണിക്കൂർ പോലും നിങ്ങൾ നൽകുന്നില്ല.

Bombay,
10 February 1985;
That Benediction
is Where You are.

നമ്മുടെ ജീവിതങ്ങൾ നാം പാഴാക്കുകയാണോ? പാഴാക്കുക എന്ന വാക്കുകൊണ്ട് നാം അർത്ഥമാക്കുന്നത് നമ്മുടെ ഊർജ്ജം പല രീതികളിൽ നശിപ്പിക്കുക, പ്രത്യേക തൊഴിലുകളിൽ നശിപ്പിക്കുക എന്നാണ്. നമ്മുടെ മുഴുവൻ അസ്തിത്വവും നമ്മുടെ ജീവിതവും നാം പാഴാക്കുകയാണൊ? നിങ്ങൾ പണക്കാരനാണെങ്കിൽ "ഉവ്വ്, ധാരാളം പണം ഞാൻ കുന്നുകൂട്ടിയിട്ടുണ്ട്, അത് വളരെ സന്തോഷകരമായിരുന്നു" എന്ന് നിങ്ങൾ പറഞ്ഞേക്കാം. അല്ലെങ്കിൽ നിങ്ങൾക്ക് ഒരു പ്രത്യേക കഴിവുണ്ടെങ്കിൽ, ധർമ്മനിഷ്ഠമായ ഒരു ജീവിതത്തിന് ആ കഴിവ് ഒരപകടമാണ്. പ്രത്യേക കഴിവെന്നാൽ ഒരു വരമാണ്. ഒരു ശേഷിയാണ്, ഒരു പ്രത്യേക മാർഗ്ഗത്തിലുള്ള വാസനയാണ്. അതാണ് വിശേഷവൈദഗ്ധ്യം നേടൽ. വിശേഷവിജ്ഞാനം നേടുന്നത് ഒരു അപൂർണ്ണമായ പ്രക്രിയയാണ്. അതിനാൽ നിങ്ങളുടെ ജീവിതം പാഴാക്കുകയാണൊ എന്ന് നിങ്ങൾ സ്വയം നിങ്ങളോട് ചോദിക്കണം. നിങ്ങൾ പണക്കാരനായിരിക്കാം, എല്ലാ തരത്തിലുള്ള പ്രത്യേക കഴിവുകളും നിങ്ങൾക്കുണ്ടായിരിക്കാം, നിങ്ങൾ ഒരു വിശേഷജ്ഞനോ, ഒരു വലിയ ശാസ്ത്രജ്ഞനോ അല്ലെങ്കിൽ ബിസിനസ്സുകാരനൊ ആയിരിക്കാം. പക്ഷേ നിങ്ങളുടെ ജീവിതത്തിന്നൊടുവിൽ അതെല്ലാം വെറുതെയാകുന്നില്ലെ?

Saanen,
22 July, 1973

നിങ്ങളുടെ സംസ്കാരം പറയുന്നു : "ജീവിതത്തിന്റെ അർത്ഥമന്വേഷിച്ച് എന്തിന് ബുദ്ധി മുട്ടണം, വെറുതെ ജീവിക്കുക, ഈ വൃത്തികേടും, ഈ മൃഗതുല്ല്യമായ ജീവിതവും, ഈ ദുഃഖവും, വേദനയും, ഉത്കണ്ഠയും, ഈ സുഖങ്ങളും, ഭയങ്ങളും, പൂർണ്ണവിരസത യും, ഒറ്റപ്പെടലും ക്ഷമയോടെ സഹിക്കുക. അതെല്ലാം നിങ്ങളുടെ ജീവിതത്തിന്റെ ഭാഗ മാണ്. അതെല്ലാം ക്ഷമയോടെ സഹിക്കുക. അതിനപ്പുറം നിങ്ങൾക്ക് പോകാൻ കഴിയി ല്ല. അതുകൊണ്ട് ആസ്വദിക്കുക, സുഖത്തെ ജീവിതത്തിന്റെ പ്രധാന വിഷയമാക്കുക".

അത് തന്നെയാണ് നിങ്ങൾ ചെയ്യുന്നതും.

ã 2020, Krishnamurti Foundation India

The Whole Movement of Life is Learning; Letters to Schools, Ch. 28.

ലോകത്താകമാനം മനുഷ്യർ കൂടിയ അല്ലെങ്കിൽ കുറഞ്ഞ തോതിൽ അധഃപതിക്കുകയാണ്. സ്വകാര്യമായ അല്ലെങ്കിൽ പൊതുവായ സുഖം, ലൈംഗികസുഖം, സ്വന്തം ഇച്ഛ തീർച്ചപ്പെടുത്തുന്നതിന്റെ സുഖം, ഉത്തേജനത്തിന്റെ സുഖം, സ്വാർത്ഥ താല്പര്യത്തിന്റെ സുഖം, അധികാരത്തിന്റെയും പദവിയുടേയും സുഖം സ്വന്തം സുഖം നിറവേറുവാനുള്ള നിർബന്ധബുദ്ധി – ജീവിതത്തിന്റെ പ്രബലമായ താല്പര്യമാകുമ്പോൾ അവിടെ അധഃപതനമുണ്ടാകുന്നു. മനുഷ്യബന്ധങ്ങൾ, സുഖത്തെ അടിസ്ഥാനമാക്കി താൽക്കാലികമാകുമ്പോൾ അവിടെ അധഃപതനമുണ്ടാകുന്നു. ഉത്തരവാദിത്വത്തിന് അതിന്റെ അർത്ഥം നഷ്ടമാകുമ്പോൾ മറ്റൊരുവനുവേണ്ട അല്ലെങ്കിൽ ഈ ഭൂമിക്കും, കടലിലെ വസ്തുവിനും വേണ്ട കരുതലില്ലാതാകുമ്പോൾ – ആകാശത്തിനോടും ഭൂമിയോടുമുള്ള ഈ അവഗണന തന്നെ അധഃപതനത്തിന്റെ മറ്റൊരു രൂപമാണ്. ഉന്നതങ്ങളിൽ കാപട്യമുള്ളപ്പോൾ, വ്യാപാരത്തിൽ നെറികേടുള്ളപ്പോൾ, നുണകൾ ദൈനംദിന സംഭാഷണങ്ങളുടെ ഭാഗമാകുമ്പോൾ, ന്യൂനപക്ഷത്തിന്റെ കിരാതവാഴ്ച ഉള്ളപ്പോൾ, വിഷയങ്ങൾ മാത്രം മുന്തിനില്ക്കുമ്പോൾ അവിടെ ജീവിതത്തിന്റെ വഞ്ചനയുണ്ട്. അപ്പോൾ കൊല ജീവിതത്തിന്റെ ഏകഭാഷയായിതീരുന്നു. സ്നേഹത്തെ സുഖമായി കരുതുമ്പോൾ ജീവിതത്തിന്റെ സൗന്ദര്യത്തിൽ നിന്നും, കൂടാതെ പവിത്രതയിൽ നിന്നും മനുഷ്യർ തങ്ങളെ സ്വയം വിച്ഛേദിക്കുകയാണ്.....

സുഖം ഏറുന്തോറും ‘എന്നെ’ ശക്തിപ്പെടുത്തുന്നതും ഏറുന്നു. സുഖത്തിനായുള്ള തേടലുള്ളപ്പോൾ മനുഷ്യൻ അന്യോന്യം ചൂഷണം ചെയ്യുകയാണ്. നമ്മുടെ ജീവിതങ്ങളിൽ സുഖം പ്രബലമാകുമ്പോൾ, ഈ ഉദ്ദേശത്തിനായി ബന്ധങ്ങൾ ചൂഷണം ചെയ്യപ്പെടുന്നു. അതിനാൽ മറ്റൊരാളുമായി യഥാർത്ഥത്തിലുള്ള ബന്ധം ഉണ്ടാകുന്നില്ല. അപ്പോൾ ബന്ധം വ്യാപാരചരക്കായിതീരുന്നു. നിറവേറ്റലിനുള്ള ത്വര സുഖത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. ആ സുഖം നിഷേധിക്കപ്പെടുമ്പോൾ അല്ലെങ്കിൽ പ്രകടനത്തിന്റെ മാർഗ്ഗങ്ങൾ കണ്ടെത്തിയില്ലെങ്കിൽ ക്രോധവും, നിന്ദാശീലവും, വെറുപ്പും അല്ലെങ്കിൽ പകയും ഉണ്ടാകുന്നു. സുഖത്തിനായുള്ള തുടരെതുടരെയുള്ള ഈ തേടൽ വാസ്തവത്തിൽ ഭ്രാന്താണ്.

ã 2020, Krishnamurti Foundation India

Bombay,
15 February 1948;
The Collected
Works, Vol. IV.

എന്തുകൊണ്ടാണ് മനുഷ്യൻ ഇന്ദ്രീയസുഖത്തിൽ അകപ്പെടുന്നത്? അതൊരു പൊള്ളുന്ന പ്രശ്നമായിരിക്കുന്നു. കാരണം ആധുനിക സമൂഹത്തിൽ സാദ്ധ്യമായ എല്ലാ മാർഗ്ഗത്തിലൂടെയും അതിനെ ഇളക്കിവിടുന്നു. പത്രങ്ങളും സിനിമയും മാസികകളും കാമവാസനയെ ഉത്തേജിപ്പിക്കുന്നു. പരസ്യങ്ങൾ, നിങ്ങളുടെ ശ്രദ്ധയാകർഷിക്കാൻ സ്ത്രീയുടെ ചിത്രം ഉപയോഗിക്കുന്നു. ബാഹ്യവും ആന്തരികവുമായ ഉത്തേജനം പ്രോത്സാഹിപ്പിക്കപ്പെടുന്നു. ശുഷ്കാന്തിയോടെ പോഷിപ്പിക്കപ്പെടുന്നു. വർത്തമാനകാല സമൂഹം അടിസ്ഥാനപരമായി ഇന്ദ്രിയഗോചരമായ മൂല്യങ്ങളുടെ പരിണതഫലമാണ്. വസ്തുക്കളും, അധികാരവും പദവിയും, പേരും കൂടാതെ വർഗ്ഗവും ഒഴിച്ചുകൂടാനാകാത്ത പ്രാധാന്യമുള്ളതായി തീർന്നിരിക്കുന്നു. നിങ്ങളുടെ ജീവിതങ്ങളിൽ ഇന്ദ്രിയസംബന്ധിയായ മൂല്യങ്ങൾ സുപ്രധാനമായിരിക്കുന്നു..... നിങ്ങളുടെ ജീവിതങ്ങൾ പൊള്ളയാണ്. ശൂന്യമാണ്. പണം സമ്പാദിക്കൽ, ചീട്ടുകളിക്കൽ, സിനിമയ്ക്ക് പോകൽ, പുസ്തകങ്ങൾ വായിക്കൽ എന്ന ഒരു പതിവാണ്.

ã 2020, Krishnamurti Foundation India

Varanasi,
22 January 1954;
Leaving School,
Entering Life.

പണക്കാർ നിശാക്ലബ്ബുകളിൽ, വിനോദങ്ങളിൽ, കാറുകളിൽ, യാത്രകളിൽ സ്വയം അവരെ മറക്കുവാൻ ആഗ്രഹിക്കുന്നു. സാമർത്ഥ്യക്കാർ സ്വയം അവരെ മറക്കുവാൻ ആഗ്രഹിക്കുന്നു. അതിനാലവർ അസാധാരണമായ വിശ്വാസങ്ങൾ കണ്ടുപിടിക്കുവാനും സ്വീകരിക്കുവാനും തുടങ്ങുന്നു. മണ്ടന്മാർ സ്വയം അവരെ മറക്കുവാൻ ആഗ്രഹിക്കുന്നു. അതിനാൽ അവരും ആളുകളെ പിൻതുടരുന്നു. എന്തുചെയ്യണമെന്ന് അവരോടു പറയുവാൻ അവർക്ക് ഗുരുക്കന്മാരുണ്ട്. അതിമോഹമുള്ളവരും എന്തെങ്കിലും കാര്യം ചെയ്യുന്നതിൽ സ്വയം അവരെ മറക്കുവാൻ ആഗ്രഹിക്കുന്നു. അങ്ങനെ നാമെല്ലാവരും, നാം പക്വമാകുന്തോറും, നാം വയസ്സാവുന്തോറും സ്വയം നമ്മെ മറക്കുവാനാഗ്രഹിക്കുന്നു.

ã 2020, Krishnamurti Foundation India

# യഥാർത്ഥ പ്രതിസന്ധി

Commentaries on Living, Ch: 3

അസ്വസ്ഥമായ ഒരു മനസ്സിന് മാറുന്ന, വൈവിദ്ധ്യമാർന്ന പ്രകടനങ്ങളും പ്രവർത്തികളും ഉണ്ടായിരിക്കണം. അത് നിറയ്ക്കപ്പെടണം. അല്ലെങ്കിൽ വ്യാപൃതമായിരിക്കണം; അതിന് എപ്പോഴും വർദ്ധിക്കുന്ന വികാരങ്ങളും താൽക്കാലികമായ താല്പര്യങ്ങളും വേണം. പരദൂഷണം ഈ ഘടകങ്ങളെല്ലാം ഉൾക്കൊള്ളുന്നു. മറ്റുള്ളവരുടെ കാര്യത്തിലുള്ള ഉത്കണ്ഠ മിക്ക ആളുകളിലും കുടികൊള്ളുന്നതായി കാണപ്പെടുന്നു. നുണപംക്തികളും കൊലപാതകത്തിന്റെയും വിവാഹമോചനങ്ങളുടെയും വിവരണങ്ങളും ഇത്യാദികളും ഉള്ള അസംഖ്യം മാസികകളും വർത്താമാനപത്രങ്ങളും വായിക്കുന്നതിലൂടെ ഈ ഉത്കണ്ഠ സ്വയം പ്രകടമാകുന്നു. ഇപ്രകാരം നാം കൂടുതൽ കൂടുതൽ ബാഹ്യവൽക്കരിക്കപ്പെട്ടവരും, ആന്തരികമായി ശൂന്യരും ആയിത്തീരുന്നു. നാം കൂടുതൽ ബാഹ്യവൽകൃതരാകുന്തോറും കൂടുതൽ വികാരങ്ങളും അസ്വസ്ഥതകളും ഉണ്ടായേ തീരൂ. ആധുനിക ജീവിതം ഈ ബാഹ്യമായ പ്രവർത്തിയേയും അസ്വസ്ഥതയേയും പ്രോത്സാഹിപ്പിക്കുന്നു.

ã 2020, Krishnamurti Foundation India

Krishnamurti to Himself, 18 March 1983

വരും കാലത്തിന് വേണ്ടത്ര ശ്രദ്ധ നൽകുന്നതായി നാം കാണപ്പെടുന്നില്ല. രാവിലെ മുതൽ രാത്രി വൈകുവോളം തീരാത്ത വിനോദം നാം ടെലിവിഷനിൽ കാണുന്നു. കുട്ടികൾ രസിപ്പിക്കപ്പെടുന്നു. നിങ്ങൾ രസിപ്പിക്കപ്പെട്ടവരാണെന്ന തോന്നൽ ഈ പരിപാടികളും വ്യാപാര പരസ്യങ്ങളും നിലനിർത്തുന്നു. കൂടാതെ ഇത് മിക്കവാറും ലോകത്തെല്ലായിടത്തും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ കുട്ടികളുടെ ഭാവി എന്തായിരിക്കും? മത്സരക്കളിയുടെ വിനോദമുണ്ട്. മുപ്പതോ നാല്പതോ ആയിരം ആളുകൾ പോർക്കളത്തിൽ ഏതാനും ആളുകളെ കാണുകയും തൊണ്ടകീറും വിധം സ്വയം ആർത്തുവിളിക്കുകയും ചെയ്യുന്നു... ലോകത്തിന്റെ ഇതരഭാഗങ്ങളിൽ ഇതെല്ലാം കാണുമ്പോൾ, മനസ്സ് നേരമ്പോക്കും, വിനോദവും മത്സരക്കളിയും കൊണ്ട് അടക്കിഭരിക്കപ്പെടുന്നത് കാണുമ്പോൾ, ഒരാൾ ഏതെങ്കിലും വിധത്തിൽ ഉത്കണ്ഠപ്പെടുന്നുവെങ്കിൽ അയാൾ അനിവാര്യമായും ചോദിക്കണം എന്താണ് ഭാവി എന്ന്. വ്യത്യസ്തമായ രൂപങ്ങളിൽ ഇനിയും അതുതന്നെയോ? വൈവിധ്യമുള്ള നേരംപോക്കുകളോ?

ഈ വിനോദവ്യവസായം, ഇപ്പോൾ സാവധാനം ചെയ്യുന്നതുപോലെ, ഏറ്റെടുക്കുമ്പോൾ, ഈ ചെറുപ്പക്കാരും വിദ്യാർത്ഥികളും കുട്ടികളും സുഖത്തിനും സങ്കല്പത്തിനും ഭാവനാപരമായ വിഷയാസക്തിക്കും നിരന്തരമായി ദുഷ്പ്രേരിതരാക്കപ്പെടുമ്പോൾ, സംയമനം, ലാളിത്യം എന്നീ വാക്കുകൾ അകറ്റപ്പെടുന്നു. ദൂരേക്ക് തള്ളപ്പെടുന്നു. ഒരു പരിഗണനപോലും ഒരിക്കലും നൽകപ്പെടുന്നില്ല.... ലാളിത്യത്തിന്റെ സൂചനകൾ എന്തെന്ന് മിക്കവാറും നിങ്ങൾ കേൾക്കാൻ പോലും കൂട്ടാക്കുകയില്ല. മതപരമോ, മറിച്ചോ ഉള്ള നേരംപോക്കുകളിലൂടെ സ്വയം നിങ്ങളിൽ നിന്നും രക്ഷപ്പെടുവാനും, സ്വയം നിങ്ങളെ വിനോദിപ്പിക്കുവാനും കുട്ടിക്കാലം മുതലേ നിങ്ങളെ വളർത്തിയിരിക്കുമ്പോൾ, നിങ്ങൾ അനുഭവിക്കുന്നതെല്ലാം നിങ്ങൾ പ്രകടിപ്പിക്കണമെന്നും കൂടാതെ ഏതെങ്കിലും വിധത്തിലുള്ള തടഞ്ഞുനിർത്തലോ സംയമനോ അപകടകരമാണെന്നും പലതരം ഞരമ്പുരോഗത്തിലേയ്ക്ക് നയിക്കുമെന്നും മിക്ക മനശാസ്ത്ര വിദഗ്ധരും പറയുമ്പോൾ നിങ്ങൾ സ്വാഭാവികമായി കൂടുതൽ കൂടുതൽ കളിയുടേയും, നേരമ്പോക്കിന്റേയും വിനോദത്തിന്റെയും ലോകത്തിലേയ്ക്ക് പ്രവേശിക്കുന്നു. എല്ലാം, നിങ്ങൾ എന്താണോ, അതിൽ നിന്നും രക്ഷപ്പെടുവാൻ നിങ്ങളെ സഹായിക്കുന്നു.

ã 2020, Krishnamurti Foundation India



# യഥാർത്ഥ പ്രതിസന്ധി

Saanen, 21 July 1981; The Network of Thought

യന്ത്രമനുഷ്യന്റെ വികസനത്തോടെ ഒരു ദിവസം ഒരു പക്ഷേ രണ്ടുമണിക്കൂറിന്റെ ജോലി മാത്രമേ മനുഷ്യന് ഉണ്ടാകൂ. ഇത് മുൻകൂട്ടി കാണാവുന്നത്ര ഭാവിയിൽ സംഭവിച്ചേക്കാം. അപ്പോൾ മനുഷ്യൻ എന്തുചെയ്യും? വിനോദത്തിന്റെ മേഖലയിൽ അവൻ മുഴുകുവാൻ പോവുകയാണോ? അല്ലെങ്കിൽ അവൻ ഉള്ളിലേക്ക് തിരിയുവാൻ പോവുകയാണോ? അതൊരു നേരമ്പോക്കല്ല. മറിച്ച് നിരീക്ഷണത്തിനും പരിശോധനക്കും അമൂർത്തമായ കാഴ്ചക്കും ഉള്ള വലിയൊരു പ്രാപ്തി ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. ഈ രണ്ട് സാദ്ധ്യതകളാണുള്ളത്.

# യഥാർത്ഥ
# പ്രതിസന്ധി

The World Within, Ch: 75

നിങ്ങളുടെ സ്വന്തം കഴിവുകളിലും വാസനകളിലും നിങ്ങൾ പൊതിഞ്ഞിരിക്കയാണ്. കൂടാതെ അവ അപകടകരമായ കൂട്ടുകാരുമാണ്. അവ തന്നെ സ്വയം ലക്ഷ്യമായിതീരുകയും വലിയ ദുരിതത്തിലേക്കും ദുഃഖത്തിലേക്കും നയിക്കുകയും ചെയ്യുന്നു. നിങ്ങളുടെ ഭക്ഷണവും, നിങ്ങളുടെ വസ്ത്രങ്ങളും, നിങ്ങളുടെ ഭാവങ്ങളും നിങ്ങളുടെ സുഖങ്ങളും നിങ്ങളെ ക്ഷീണിതരും മൂഢരുമാക്കുകയാണ്. നിങ്ങളുടെ മനസ്സ് ചേതന നശിച്ചതും ധാരണാശേഷിയുടെ വേഗത നഷ്ടപ്പെടുന്നതുമായിത്തീരുകയുമാണ്... ഉപരിതല മനസ്സിന്റെ പല പ്രവർത്തനങ്ങളെയും കുറിച്ച് നിങ്ങൾ ബോധവാനാകുമ്പോൾ, അതിന്റെ പുലമ്പലും, അതിന്റെ നടനവും അതിന്റെ ന്യായങ്ങളും നിഗമനങ്ങളും നിരീക്ഷിക്കുമ്പോൾ, ഈ അവബോധത്തിലൂടെ ശാന്തിയും വ്യക്തതയും ഉണ്ടാകുന്നു.

ã 2020, Krishnamurti Foundation India

Poona,
19 September 1948;
The Collected
Works, Vol. V.

അതുകൊണ്ട് പ്രധാനപ്പെട്ട കാര്യം തന്നറിവാണ്. തന്നെ മനസ്സിലാകാതെ ഈ ലോകത്ത് ക്രമമുണ്ടാകുവാൻ കഴിയില്ല; തന്നിലെ ചിന്തയുടെയും വികാരത്തിന്റേയും പ്രവർത്തിയുടെയും മുഴുവൻ പ്രക്രിയയെ സൂക്ഷ്മമായി പരിശോധിക്കാതെ, ലോകസമാധാനവും ക്രമവും സുരക്ഷിതത്വവും ഉണ്ടാകുവാൻ സാധ്യമല്ല. അതുകൊണ്ട് തന്നെകുറിച്ചുള്ള ഈ പഠനം പ്രഥമപ്രാധാന്യമുള്ളതാണ്. മാത്രമല്ല അതൊരു ഒളിച്ചോടൽ പ്രക്രിയയുമല്ല.

തന്നെകുറിച്ചുള്ള ഈ പഠനം വെറും നിഷ്ക്രിയത്വമല്ല. നേരെമറിച്ച് ഒരാൾ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും വിചാരണയോ, കുറ്റപ്പെടുത്തലോ അധിക്ഷേപമോ ഇല്ലാത്ത അസാധാരണമായ ഒരു അവബോധം അതാവശ്യപ്പെടുന്നു. നിത്യജീവിതത്തിൽ ജീവിക്കുന്ന താൻ എന്ന മുഴുവൻ പ്രക്രിയയുടേയും ഈ അവബോധം സങ്കുചിതമാക്കുന്ന ഒന്നല്ല, എന്നാൽ സദാ വികസിക്കുന്നതും സദാ വ്യക്തമാക്കുന്നതുമാണ്. കൂടാതെ ഈ അവബോധത്തിൽ നിന്നും ക്രമമുണ്ടാകുന്നു, ആദ്യം തന്നിലും പിന്നെ ബാഹ്യമായി തന്റെ ബന്ധങ്ങളിലും.

# യഥാർത്ഥ
# പ്രതിസന്ധി

Montevideo, 26 June 1935; The Collected Works, Vol II

നിങ്ങൾ കഷ്ടപ്പെടുകയല്ല എങ്കിൽ, നിങ്ങൾ സംഘർഷത്തിലല്ലെങ്കിൽ, ഒരു പ്രശ്നവുമില്ലെങ്കിൽ, നിങ്ങളുടെ ജീവിതത്തിൽ ഒരു പ്രതിസന്ധിയുമില്ല എങ്കിൽ വളരെ കുറച്ചേ പറയേണ്ടതായുള്ളു. അതായത്, നിങ്ങൾ ഉറങ്ങുകയാണെങ്കിൽ, പിന്നെ ജീവിതചെയ്തി നിങ്ങളെ ആദ്യം ഉണർത്തണം. എന്നാൽ നിങ്ങൾ കഷ്ടപ്പെടുവാൻ തുടങ്ങുമ്പോൾ പൊതുവെ എന്താണ് സംഭവിക്കുന്നത്? നിങ്ങളുടെ ദുരിതത്തിന് അയവുവരുത്തുന്ന ഒരു പരിഹാരം നിങ്ങൾ ഉടനെ തേടുന്നു. അങ്ങനെ മെല്ലെ സുഖത്തിനായുള്ള അന്വേഷണത്തിൽ, നിങ്ങൾ വീണ്ടും നിങ്ങളുടെ പ്രയത്നത്തിലൂടെ നിങ്ങളെ സ്വയം ഉറക്കുന്നു... ദുരിതമെന്ന് നിങ്ങൾ വിളിക്കുന്ന ഒരു ആഘാതത്തിലൂടെ മനസ്സ് ഉണർത്തപ്പെടുമ്പോൾ, അതാണ് സുഖം തേടാതെ, ദുരിതത്തിന്റെ കാരണമന്വേഷിക്കുവാനുള്ള ശരിയായ അവസരം.

ã 2020, Krishnamurti Foundation India

Ojai,
18 June 1934;
The Collected
Works, Vol. II.

സംഘർഷത്തെക്കുറിച്ച് നിങ്ങൾ ബോധവാനല്ലെങ്കിൽ, അതായത് താനും ചുറ്റുപാടുകളും തമ്മിൽ നടക്കുന്ന ആ യുദ്ധത്തെക്കുറിച്ച് നിങ്ങൾ ബോധവാനല്ലെങ്കിൽ പിന്നെ നിങ്ങൾ കൂടുതൽ പരിഹാരങ്ങൾ എന്തിന് തേടുന്നു? അബോധവാനായി തന്നെ തുടരുക. നിങ്ങളുടെ മനസ്സിലും ഹൃദയത്തിലും നിലവിലില്ലാത്ത ഒരു സംഘർഷത്തിന്റെ പിറകെ പാഞ്ഞുപോകാതെ, കൃത്രിമമായി കളവായി ക്ഷണിക്കാതെ, ആവശ്യമായ സംഘർഷം സാഹചര്യങ്ങൾ സ്വയം സൃഷ്ടിക്കട്ടെ. എന്തോ കൈവിട്ടുപോകുകയാണെന്ന് നിങ്ങൾ ശങ്കിക്കുന്നതുകൊണ്ടാണ്, കൃത്രിമമായി ഒരു സംഘർഷം നിങ്ങൾ സൃഷ്ടിക്കുന്നത്. ജീവിതം നിങ്ങളെ  ഒഴിവാക്കുകയില്ല.

ã 2020, Krishnamurti Foundation India

Varanasi,
16 December 1952;
The Collected
Works, Vol. VII.

വീടിന്റെ ജനലുകളും വാതിലുകളും അടയ്ക്കുകയും ഉള്ളിൽ കഴിയുകയും ചെയ്യുമ്പോൾ ജീവിതം സുരക്ഷിതവും ഭദ്രവും ഉപദ്രവമില്ലാത്തതുമാണെന്ന് നിങ്ങൾക്ക് തോന്നും. ജീവിതം പക്ഷേ അങ്ങനെയല്ല. വാതിലിൽ നിരന്തരം മുട്ടുകയാണ്, ജീവിതം. നിങ്ങൾ കൂടുതൽ കാണുന്നതിനായി ജനലുകൾ തള്ളിതുറക്കുവാൻ എപ്പോഴും ശ്രമിക്കുകയാണ്. എന്നാൽ ഭയമുണ്ട് എങ്കിൽ, ജനലുകളെല്ലാം നിങ്ങൾ കൊട്ടിയടക്കുന്നുവെങ്കിൽ, ആ മുട്ടൽ കൂടുതൽ കൂടുതൽ ഉച്ചത്തിലാകും. അതിനാൽ ബാഹ്യമായ സുരക്ഷിതങ്ങളോട് നിങ്ങൾ അള്ളിപ്പിടിക്കുന്തോറും ജീവിതം കൂടുതലായി വന്ന് നിങ്ങളെ തള്ളിമാറ്റുന്നു.

ã 2020, Krishnamurti Foundation India

Madras,
29 December 1979;
The Seed of a
Million Years.

അതുകൊണ്ട് മാറ്റത്തിനായി നിങ്ങളെ എന്താണ് പ്രേരിപ്പിക്കുക? ഒരു പ്രതിസന്ധിയോ? തലയ്ക്കിട്ടുള്ള ഒരു കിഴുക്കോ? ദുഃഖമോ? കണ്ണീരോ? അതെല്ലാം സംഭവിച്ചുകഴിഞ്ഞു - പ്രതിസന്ധിക്കു പുറകെ പ്രതിസന്ധി. നിങ്ങൾ അവസാനമില്ലാതെ കണ്ണീർ പൊഴിച്ചു കഴിഞ്ഞു. ഒന്നും നിങ്ങളെ മാറ്റുന്നതായി കാണപ്പെടുന്നില്ല. കാരണം ആ പണി ചെയ്യു വാൻ നിങ്ങൾ ആരെയൊക്കെയോ ആശ്രയിക്കുന്നു: "ഞാൻ കണ്ടുപിടിക്കാൻ പോവു കയാണ്" എന്ന് ആരും പറയുന്നില്ല.

ã 2020, Krishnamurti Foundation India



# യഥാർത്ഥ പ്രതിസന്ധി

Bombay,
14 December 1969.

നിങ്ങളുടെ ജീവിതം കൊണ്ട് നിങ്ങളെന്താണ് ചെയ്തിട്ടുള്ളത്? ഈ ജീവിതം നിങ്ങളനുഭവിച്ചു. ജീവിതമെന്നു വിളിക്കുന്ന അസാധാരണമായ ഈ കാര്യം. ഇതിൽ ദുഃഖവും സുഖവും ഭയവും കുറ്റബോധവുമുണ്ട്. എല്ലാ പീഡനവും, ഏകാന്തതയും, ജീവിതനൈരാശ്യവും ഉണ്ട്. കൂടാതെ ജീവിതത്തിന്റെ സൗന്ദര്യവും. നിങ്ങൾക്കതു കിട്ടിയിരുന്നു. എന്നിട്ടതുകൊണ്ട് നിങ്ങളെന്താണ് ചെയ്തിരിക്കുന്നത്? നിങ്ങളത് ചോദിക്കുമ്പോൾ ദുഃഖത്തോടെ ഉറങ്ങാൻ പോകരുത്. എന്തുകൊണ്ടെന്നാൽ നിങ്ങളൊന്നും ചെയ്തിട്ടില്ല. തികച്ചും ഒന്നും തന്നെ നിങ്ങൾ ചെയ്തിട്ടില്ല. ഒരു ജീവിതം നിങ്ങൾക്ക് നൽകപ്പെട്ടിരുന്നു. ഈ ലോകത്തിലേക്ക് ഏറ്റവും അമൂല്യമായ കാര്യം. എന്നിട്ട് നിങ്ങളെന്താണ് ചെയ്തിരിക്കുന്നത്? അതിനെ വികൃതമാക്കി, അതിനെ പീഡിപ്പിച്ചു, കഷണങ്ങളായി പിച്ചിച്ചീന്തി അതിനെ വിഭജിച്ചു, അക്രമവും, നാശവും വെറുപ്പുമുണ്ടാക്കി, ഒട്ടും സ്നേഹമില്ലാതെ, കരുണയില്ലാതെ, ആവേശമില്ലാതെ. അതുകൊണ്ട് നിങ്ങളുടെ ജീവിതംകൊണ്ട് നിങ്ങളെന്താണ് ചെയ്തിരിക്കുന്നത് എന്ന ചോദ്യം നിങ്ങൾ ചോദിക്കുമ്പോൾ അനിവാര്യമായി നിങ്ങളുടെ കണ്ണുകളിൽ കണ്ണുനീരുണ്ടാകും. എന്നാൽ നിങ്ങൾക്ക് കണ്ണീരുണ്ടാകുന്നത് ഭൂതകാലത്തെക്കുറിച്ചും നിങ്ങൾക്കെന്തു ചെയ്യുവാൻ കഴിയുമായിരുന്നുവെന്ന് ചിന്തിക്കുന്നതും കൊണ്ടാണ്. തന്നോടുതന്നെയുള്ള സഹതാപത്തിന്റെ കണ്ണുനീർ.

Ojai,
17 June 1945;
The Collected
Works, Vol. IV.

ഉത്സാഹവും സന്തോഷവും സ്വയം അവ തന്നെ ലക്ഷ്യങ്ങളല്ല സ്വയം ലക്ഷ്യമായിട്ടുള്ള എന്തിനോ വേണ്ടിയുള്ള അന്വേഷണത്തിലെ സംഭവങ്ങളാണവ. ധൈര്യവും പ്രതീക്ഷയും പോലെ. ഈ ലക്ഷ്യമാണ് ക്ഷമയോടെയും ശുഷ്കാന്തിയോടെയും അന്വേഷിക്കപ്പെടേണ്ടത്. കൂടാതെ അതിന്റെ കണ്ടെത്തലിലൂടെ മാത്രമെ നമ്മുടെ കുഴപ്പവും വേദനയും അവസാനിക്കൂ. അതിന്റെ കണ്ടെത്തലിലേക്കുള്ള യാത്ര കിടക്കുന്നത് അവനവനിലൂടെയാണ്. മറ്റേതൊരു യാത്രയും അജ്ഞതയിലേക്കും മിഥ്യയിലേക്കും നയിക്കുന്ന ഒരു ശ്രദ്ധ തെറ്റിക്കലാണ്. സംഘർഷവും ദുഃഖവും പരിഹരിക്കുന്നതിനോ ഒരു ഫലത്തിനു വേണ്ടിയോ ആയിരിക്കരുത്, തന്നിൽതന്നെയുള്ള ഈ യാത്ര; എന്തെന്നാൽ ഈ അന്വേഷണം തന്നെയാണ് ഭക്തിയും പ്രചോദനവും.

Think on These Things, Ch: 26.

നാം ഒരൊറ്റ മാനവസമുദായമാണ്. നമുക്കനുഭവിക്കാനുള്ളതാണ് ഈ ഭൂമി. സ്നേഹപൂർവ്വമായ കരുതൽ കൊണ്ട് നമുക്കെല്ലാവർക്കും വേണ്ട ഭക്ഷണവും വസ്ത്രവും പാർപ്പിടവും അതുൽപ്പാദിപ്പിക്കും. അതിനാൽ ഏതാനും പരീക്ഷകൾ ജയിക്കുവാൻ നിങ്ങളെ സജ്ജരാക്കുക എന്നതുമാത്രമല്ല വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം. മറിച്ച് ഈ മുഴുവൻ ജീവിതപ്രശ്നത്തെയും മനസ്സിലാക്കുവാൻ നിങ്ങളെ സഹായിക്കുക എന്നതാണ്. ദൈവമെന്തെന്ന് കണ്ടുപിടിക്കേണ്ടതും, നമ്മുടെ പ്രശ്നമാണ്. കാരണം, അതാണ് നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം തന്നെ. കൃത്യമായി ഒരടിസ്ഥാനമില്ലാതെ ഒരു വീടിന് ദീർഘനാൾ നിലനിൽക്കുവാൻ കഴിയില്ല. ദൈവം അല്ലെങ്കിൽ സത്യം എന്താണെന്ന് നാം അന്വേഷിക്കുന്നില്ലയെങ്കിൽ മനുഷ്യന്റെ സൂത്രത്തിലുള്ള എല്ലാ കണ്ടുപിടുത്തങ്ങളും അർത്ഥശൂന്യമാകും.

ã 2020, Krishnamurti Foundation India

Think on These Things, Ch: 17.

ഈ പ്രവൃത്തിയെല്ലാം നാശത്തിലേയ്ക്കും, ദുരിതത്തിലേയ്ക്കും കുഴപ്പത്തിലേയ്ക്കും നിരാശയിലേയ്ക്കും നയിക്കുന്നു എന്ന് നിങ്ങൾക്ക് കാണുവാൻ സാധിക്കും. അങ്ങേയറ്റത്തെ ദാരിദ്ര്യത്തിനും, രോഗത്തിനും, പട്ടിണിക്കും അടുത്തടുത്തായി റെഫ്രിജറേറ്ററുകളും ജെറ്റുവിമാനങ്ങളും സഹിതം സുഖസമൃദ്ധിയും നിലകൊള്ളുന്നു. ഇതെല്ലാം മനുഷ്യന്റെ പ്രവൃത്തിയാണ്. കൂടാതെ, നിങ്ങളതു കാണുമ്പോൾ "അത്രേ ഉള്ളോ? മനുഷ്യന്റെ ശരിയായ പ്രവൃത്തിയായി മറ്റെന്തെങ്കിലും ഇല്ലേ?" എന്നു നിങ്ങൾ സ്വയം നിങ്ങളോടു ചോദിക്കുകയില്ലേ? മനുഷ്യന്റെ ശരിയായ ജോലി എന്തെന്ന് നമുക്ക് കണ്ടെത്താൻ കഴിഞ്ഞാൽ പിന്നെ ജെറ്റ് പ്ലെയിനുകൾക്കും അലക്കുയന്ത്രങ്ങൾക്കും, പാലങ്ങൾക്കും, ഹോസ്റ്റലുകൾക്കും എല്ലാം തികച്ചും വ്യത്യസ്തമായ ഒരർത്ഥമുണ്ടാകും. പക്ഷെ മനുഷ്യന്റെ ശരിയായ പ്രവൃത്തി എന്തെന്ന് കണ്ടെത്താതെ പരിഷ്കാരങ്ങളിൽ വെറുതെ മുഴുകുന്നതും മനുഷ്യൻ ഇതിനകം ചെയ്തിട്ടുള്ളതിനെ പുനർനിർമ്മിക്കുന്നതും എവിടേയും എത്തിക്കില്ല.

പിന്നെ എന്താണ് മനുഷ്യന്റെ ശരിയായ പ്രവൃത്തി...? തീർച്ചയായും മനുഷ്യന്റെ ശരിയായ പ്രവൃത്തി സത്യത്തെ, ദൈവത്തെ കണ്ടുപിടിക്കുക എന്നതാണ്. അത് സ്നേഹിക്കുക എന്നതാണ്, സ്വയം കൂട്ടിലിടുന്ന അവന്റെ തന്നെ പ്രവർത്തനങ്ങളിൽ അകപ്പെടുന്നതല്ല. സത്യമെന്തെന്നുള്ള കണ്ടെത്തലിൽ തന്നെ അവിടെ സ്നേഹമുണ്ട്, കൂടാതെ മനുഷ്യനുമായുള്ള മനുഷ്യന്റെ ബന്ധത്തിൽ, ആ സ്നേഹം, വേറിട്ട ഒരു നാഗരികതയേയും ഒരു പുതിയ ലോകത്തെയും സൃഷ്ടിക്കും.

ã 2020, Krishnamurti Foundation India

Think on These Things, Ch: 11.

സത്യമെന്തെന്ന്, ദൈവമെന്തെന്ന് കണ്ടെത്തുവാനുള്ള ത്വര, മാത്രമാണ് യഥാർത്ഥ ത്വര. മറ്റെല്ലാ ത്വരകളും അനുബന്ധകങ്ങളാണ്. നിശ്ചലമായ വെള്ളത്തിലേയ്ക്ക് നിങ്ങൾ ഒരു കല്ലെറിഞ്ഞാൽ അത് വികസിക്കുന്ന വൃത്തങ്ങൾ ഉണ്ടാക്കും. ആ വികസിക്കുന്ന വൃത്തങ്ങൾ അനുബന്ധകമായ ചലനങ്ങളാണ്, സാമൂഹിക പ്രതികരണങ്ങളാണ്. എന്നാൽ യഥാർത്ഥ ചലനം കേന്ദ്രത്തിലാണ് – സന്തോഷത്തെ, ദൈവത്തെ, സതഹ്യത്തെ കണ്ടെത്തുവാനുള്ള നീക്കം. കൂടാതെ നിങ്ങൾ ഭയത്തിന്റെ പിടിയിൽ, ഒരു ഭീഷണിയുടെ പിടിയിൽ ആയിരിക്കുവോളം നിങ്ങൾക്കത് കണ്ടെത്തുവാൻ കഴിയില്ല. ഭീഷണിയും ഭയവും ഉയർന്നുവരുന്ന നിമിഷം മുതൽ സംസ്കാരം ക്ഷയിക്കുന്നു.

അതുകൊണ്ട്, നിങ്ങൾ ചെറുപ്പമായിരിക്കുമ്പോൾ, ശീലവിധേയരാകാതിരിക്കുക, നിങ്ങളുടെ മാതാപിതാക്കളോടും, സമൂഹത്തോടുമുള്ള ഭയത്തിന്റെ പിടിയിലാകാതിരിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. അതിനാൽ സത്യം കണ്ടെത്തുവാൻ കാലാതീതമായ ഈ ചലനം നിങ്ങളിൽ ഉണ്ടാകുന്നു. സത്യമെന്തെന്ന്, ദൈവമെന്തെന്ന് അന്വേഷിക്കുന്ന മനുഷ്യർക്കാണ് – അത്തരം മനുഷ്യർക്കുമാത്രമാണ് ഒരു പുതിയ നാഗരികത, ഒരു പുതിയ സംസ്കാരം സൃഷ്ടിക്കുവാൻ കഴിയുക.

ã 2020, Krishnamurti Foundation India

Think on These Things, Ch: 27.

ആത്മാർത്ഥമായി ധർമ്മനിഷ്ഠയുള്ള ആൾ പരിഷ്കരണത്തിൽ തത്പരനല്ല. സാമൂഹിക ക്രമത്തിൽ വെറുമൊരു മാറ്റം കൊണ്ടുവരുന്നതിൽ അയാൾ തത്പരനല്ല. നേരെമറിച്ച് അയാൾ സത്യമെന്തെന്ന് അന്വേഷിക്കുകയാണ്. കൂടാതെ ആ അന്വേഷണത്തിന് തന്നെ സമൂഹത്തിനുമേൽ ഒരു പരിവർത്തനം ചെയ്യുന്ന പ്രഭാവമുണ്ട്. അതുകൊണ്ട് സത്യത്തെ അല്ലെങ്കിൽ ദൈവത്തെ തേടുവാൻ വിദ്യാർത്ഥിയെ സഹായിക്കുന്നതിൽ വിദ്യാഭ്യാസം പ്രധാനമായി താത്പര്യപ്പെടണം. അല്ലാതെ നൽകപ്പെട്ട സമൂഹത്തിന്റെ മാതൃകയ്ക്ക് യോജിക്കുവാൻ വെറുതെ അവനെ തയ്യാറാക്കുകയല്ല.

ã 2020, Krishnamurti Foundation India

# യഥാർത്ഥ പ്രതിസന്ധി

Saanen,
3 August
1975.

അനശ്വരവും, കളങ്കമറ്റ് പവിത്രവുമായ അതിനെ ഒരാൾ കണ്ടെത്തണം. സഹാനുഭൂതി ഉണ്ടെങ്കിൽ മാത്രമെ അത് സംഭവിക്കുകയുള്ളു. അതിനർത്ഥം, കഷ്ടപ്പാടിന്റെ മുഴുവൻ പ്രാധാന്യത്തെയും നിങ്ങൾ മനസ്സിലാക്കുമ്പോൾ എന്നാണ് – നിങ്ങളുടെ തന്നെ സങ്കടം മാത്രമല്ല, മറിച്ച് ഈ ലോകത്തിന്റെ സങ്കടം. ലോകത്തിന്റെ കഷ്ടപ്പാടാണ് സത്യം; അത വിടെയുണ്ട്. അത് ചിന്തയുടെ വൈകാരികമായ ഭാവനാപരമായ തുടിപ്പല്ല. അത് യഥാർത്ഥ ത്തിൽ അവിടെയുണ്ട്. നമ്മളിൽ ഉള്ളതുപോലെ. ആ കഷ്ടപ്പാടിനൊപ്പം ജീവിക്കണം, അതിൽ നിന്നും ഒളിച്ചോടാതെ അതിന്റെ അവസാനം വരെയും പോകണം. ഒളിച്ചോടാ തിരിക്കുമ്പോൾ നിങ്ങൾക്ക് അതിനെ നേരിടുവാൻ വമ്പിച്ച ഊർജ്ജമുണ്ടാകുന്നു. അപ്പോൾ മാത്രമാണ് നിങ്ങൾ അതിനപ്പുറത്തേക്ക് പോകുന്നത്. കഷ്ടപ്പാടിന്റെ മുഴുവൻ അർത്ഥവും മനസ്സിലാക്കിയിട്ട്. മേലിൽ കഷ്ടപ്പെടാതിരിക്കുകയും ചെയ്യുമ്പോഴാണ് സഹാനുഭൂതി വന്നുചേരുന്നത്. അനുകമ്പയുള്ള മനസ്സിനെ ധ്യാനിക്കുവാനും അനശ്വരമായ വിശുദ്ധിയെ കണ്ടെത്തുവാനും കഴിയൂ.

ã 2020, Krishnamurti Foundation India

## യഥാർത്ഥ പ്രതിസന്ധി

Think on These Things, Ch: 17.

ദൈവത്തിനു വേണ്ടിയുള്ള സത്യത്തിനുവേണ്ടിയുള്ള അന്വേഷണം, പൂർണ്ണമായി നന്മ നിലവിലുള്ളതിന്റെ അനുഭവം - നന്മയുടേയോ വിനയത്തിന്റെയോ വളർത്തിയെടുക്കലല്ല, മറിച്ച് മനസ്സിന്റെ കണ്ടുപിടുത്തങ്ങൾക്കും തന്ത്രങ്ങൾക്കുമപ്പുറം എന്തോ ഒന്നിനെ അന്വേഷിക്കുന്നത്, അതായത്, ആ എന്തോ ഒന്നിനു വേണ്ടിയുള്ള മനോഭാവം ഉണ്ടായിരിക്കുന്നത്, അതിൽ ജീവിക്കുന്നത്, അതായി നിലകൊള്ളുന്നത് - അതാണ് ശരിയായ മതം. എന്നാൽ നിങ്ങൾക്കായി സ്വയം കുഴിച്ച പൊട്ടക്കുളം നിങ്ങൾ ഉപേക്ഷിക്കുമ്പോൾ മാത്രമാണ്, ജീവിതത്തിന്റെ നദിയിൽ വ്യാപൃതനാകുമ്പോഴാണ് നിങ്ങൾക്കങ്ങനെ ചെയ്യുവാൻ കഴിയുക. അനന്തരം നിങ്ങളെ പരിപാലിക്കുവാൻ ഒരാശ്ചര്യകരമായ രീതി ജീവിതത്തിനുണ്ട്, കാരണം അപ്പോൾ നിങ്ങളുടെ ഭാഗത്തുനിന്നുള്ള ഉത്കണ്ഠയില്ല. ജീവിതം അതിച്ഛിക്കുന്നിടത്തേക്ക് നിങ്ങളെ വഹിച്ചുകൊണ്ടുപോകുന്നു. കാരണം നിങ്ങൾ അതിന്റെ തന്നെ ഭാഗമാണ്; പിന്നെ സുരക്ഷിതത്വത്തിന്റെ പ്രശ്നമൊന്നുമില്ല. ആളുകൾ എന്തുപറയും അല്ലെങ്കിൽ പറയില്ല എന്നതിന്റെയും. അതാണ് ജീവിതത്തിന്റെ സൗന്ദര്യം.

ã 2020, Krishnamurti Foundation India

The World Within.
Ch: 76.

യഥാർത്ഥമായതിനെ അന്വേഷിക്കുമ്പോൾ, അപ്പം നൽകപ്പെടും. എന്നാൽ അപ്പം മാത്രമാണ് നാം തേടുന്നതെങ്കിൽ അതുപോലും നശിപ്പിക്കപ്പെടും. അപ്പം ആത്യന്തിക മൂല്യമല്ല; അതിനെ ആത്യന്തികമായ ഒന്നാക്കിത്തീർക്കുമ്പോൾ അവിടെ ദുരന്തമുണ്ട്, അവിടെ കൊലപാതകമുണ്ട്. പട്ടിണിയുണ്ട്.

ക്ഷണികമായതിലൂടെ അനശ്വരമായതിനെ തേടുക. അതിലേയ്ക്ക് പാതകളൊന്നും ഇല്ല. കാരണം അത് നിത്യസാന്നിദ്ധ്യമുള്ളതാണ്.

# യഥാർത്ഥ പ്രതിസന്ധി

The World Within, Ch: 19.

യാഥാർത്ഥ്യം മാത്രമെയുള്ളു, രണ്ടാമതൊന്നില്ലാത്ത പരമമായത്. ഒരൊറ്റ മാനവസമുദായം മാത്രമേയുള്ളു. ഒരു ധാർമ്മികത്വവും. അതിന്റെ സാക്ഷാത്കാരത്തിലേക്കുള്ള മാർഗ്ഗം അവനവനിലൂടെയല്ലാതെ മറ്റേതൊരു വഴിയിലൂടെയുമല്ല. മറ്റേതൊരു വ്യക്തിയിലൂടെയുമല്ല. നിങ്ങളുടെ തന്നെ വിമോചനം തേടുക, അപ്പോൾ നിങ്ങൾ ലോകത്തെ അതിന്റെ കുഴപ്പത്തിൽ നിന്നും സംഘർഷത്തിൽ നിന്നും അതിന്റെ കഷ്ടപ്പാടിൽ നിന്നും ശത്രുതയിൽ നിന്നും മോചിപ്പിക്കും.

ã 2020, Krishnamurti Foundation India




യഥാർത്ഥ
പ്രതിസന്ധി
Rishi Valley,
16 December 1984.
നിങ്ങളൊരു ചോദ്യമുയർത്തി: എന്താണ് പവിത്രമായത് എന്ന്. അത് കണ്ടെത്താതെ, അത് യദൃശ്ചയാ കാണാനിടയാവാതെ - അല്ലാതെ നിങ്ങളതു കണ്ടെത്തുകയല്ല - അത് നിലവിൽ വരാതെ നിങ്ങൾക്കൊരു പുതിയ സംസ്കാരം ഉണ്ടാകുകയില്ല. നിങ്ങൾക്കൊരു പുതിയ മാനവീയമായ ഗുണം ഉണ്ടാകുകയില്ല.

Madras,
22 October 1947;
The Collected
Works, Vol. IV.

നിങ്ങൾ നിങ്ങളുടെ തന്നെ വെളിച്ചമാകണം.... കൈകൊണ്ടോ മനസ്സുകൊണ്ടോ ഉണ്ടാക്കിയ കാര്യങ്ങളിൽ ഒരു പ്രതീക്ഷയുമില്ല. നാം ഒളിച്ചോടുകയല്ല; ഈ ഗർത്തത്തിന്റെ വക്കിലുള്ള, ഏതു പ്രവർത്തിക്കും വീഴ്ച ത്വരിതപ്പെടുത്തുവാൻ മാത്രമെ കഴിയൂ എന്നു നാം ചൂണ്ടികാണിക്കുകയാണ്. സുരക്ഷിതത്വവും സന്തോഷവും ഈ ഗർത്തത്തിൽ നിന്ന് അകലെയാണ്. ഇത് തിരിച്ചറിയുന്ന കുറച്ചുപേർ ഈ അടികാണാത്ത ഗർത്തത്തിൽ നിന്ന് ദൂരെ, പ്രബുദ്ധതയുടെ കേന്ദ്രങ്ങൾ ഉണ്ടാക്കണം. ഇപ്പോഴുള്ള പ്രതിസന്ധിക്കും, കൂടാതെ എല്ലാ മാനുഷിക പ്രശ്നങ്ങൾക്കും ഒരു പോംവഴിയുണ്ട് - ഒരു ഒളിച്ചോട്ടമല്ലാത്ത ഒരു വഴി, ശാശ്വത ആനന്ദത്തിലേക്ക് നയിക്കുന്ന ഒരു വഴി.

ã 2020, Krishnamurti Foundation India


K
FOUNDATION
INDIA
PUBLICATIONS
Krishnamurti Foundation India
Vasanta Vihar, 124, Greenways Road, Chennai - 600028
Tel: 91-44-24937803 / 24937596 I info@kfionline.org I www.kfionline.org